12. കുട്ടികളെ അറിയുക എന്നതിന്റെ ഭാഗമായി വികസിപ്പിച്ചെടുത്ത Strength and Difficulty Questionnaire (SDQ) കുട്ടികൾക്കും രക്ഷകർത്താക്കൾക്കും നൽകി കുട്ടികളുടെ കഴിവുകളും പോരായ്മകളും മനസ്സിലാക്കുന്നതാണ്.

13. ഒ.ആർ.സി. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ ആരോഗ്യജീവിത നൈപുണ്യ വിദ്യാഭ്യാസം (Life Skill Education) നടപ്പിലാക്കുന്നതാണ്.

14. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നവരും കുട്ടികളുടെ ക്ഷേമത്തിൽ തൽപ്പരരുമായ വ്യക്തികൾ ഒ.ആർ.സി. പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

കിഡ്നി രോഗികൾക്ക് പെൻഷൻ

265 (3472) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി രോഗത്താൽ ഡയാലിസിസ് നടത്തുന്ന രോഗികൾക്ക് സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നും പെൻഷൻ അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര രൂപ വീതമാണ് പെൻഷൻ അനുവദിക്കുന്നതെന്നും, അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) ബി.പി.എൽ. റേഷൻ കാർഡുള്ളവർക്ക് മാത്രമാണ് പ്രസ്തുത പെൻഷൻ അനുവദിക്കുന്നതെങ്കിൽ, എ.പി.എൽ, ബി.പി.എൽ തരംതിരിവിന്റെ കാര്യത്തിൽ വ്യാപകമായ പരാതിയുള്ള റേഷൻ കാർഡ് മാനദണ്ഡമാക്കാതെ ഡയാലിസിസ് നടത്തുന്ന മുഴുവൻ രോഗികൾക്കും പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1100 രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

- മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബാംഗമായിരിക്കണം.
- ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗ വിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

(സി) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന കിഡ്നി രോഗികളുടെ പെൻഷൻ പദ്ധതി സഹായം നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. റേഷൻ കാർഡുള്ളവർക്കാണ് നൽകിവരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27-04-2012-ലെ സ.ഉ.(കൈ)നമ്പർ 112/2012/ ത.സ്വ.ഭ.വ. പ്രകാരം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഡയാലിസിസിന് വിധേയമാകുന്നവരെയും ഉൾപ്പെടുത്താമെന്ന് പരാമർശിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റി വരുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാറുണ്ട്.

പുതിയ തസ്തികകളിലെ നിയമനം

266 (3473) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ പുതുതായി അനുവദിച്ചിട്ടുള്ള 35 സൂപ്പർവൈസർ, 73 ജൂനിയർ സൂപ്രണ്ട്, 22 എൽ.ഡി. ക്ലാർക്ക് എന്നീ തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(സി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) 73 ജൂനിയർ സൂപ്രണ്ട്, 22 ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകൾ അനുവദിച്ച ഉത്തരവിൽ കേരള സോഷ്യൽ വെൽഫെയർ

LIBRARY ARCHIVES Kerala Legislative Assembly